**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3125** **25-06-2024 - ൽ മറുപടിയ്ക്ക്**

**കലാകാരന്മാർക്കുള്ള ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2011-16 സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും കേരള സംഗീത നാടക അക്കാദമി വഴി കലാകാരന്മാർക്ക് നൽകിയിരുന്നതുമായ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഈ സർക്കാർ വെട്ടി കുറച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; ഇൻഷ്വറൻസ് പരിരക്ഷയിൽ എത്ര രൂപയുടെ കുറവാണ് വരുത്തിയിട്ടുള്ളതെന്ന വിശദാംശം നൽകാമോ; | (എ) | കേരള സംഗീത നാടക അക്കാദമി 2011 മുതൽ 642 കലാകാരന്മാർക്ക് അപകട വൈദ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയിരുന്നു. പിന്നീട് അത് 900 ആയി വർദ്ധിപ്പിച്ചു. ഓരോ വർഷവും പ്രീമിയത്തിന്റെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾ നിശ്ചയിച്ച് കരാർ ഒപ്പിടുകയാണ് ചെയ്യുന്നത്. 2023-2024 ൽ 1253 പേർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുകയുണ്ടായി. 2 ലക്ഷം രൂപ അപകട ഇൻഷ്വറൻസും മെഡിക്ലെയിമിന് ഒരു ലക്ഷം രൂപയുമാണ് 2023 ഫെബ്രുവരി 2 വരെ ഉണ്ടായിരുന്നത്. ക്ലെയിമുകൾ താരതമ്യേന കുറവായിരുന്നതുകൊണ്ട് അപകടങ്ങൾക്കെന്നപോലെ മെഡിക്ലെയിമിനും 2 ലക്ഷം രൂപ അനുവദിക്കണമെന്ന് ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയോട് ആവശ്യപ്പെട്ടതുകൊണ്ട് കഴിഞ്ഞ ഒരേയൊരു വർഷമാണ് മെഡിക്ലെയിമിന് പരീക്ഷണാടിസ്ഥാനത്തിൽ 2 ലക്ഷം രൂപ അനുവദിച്ചത്. ലൈഫ് സർട്ടിഫിക്കറ്റ് നൽകിയ 840 പേർക്ക് ഇൻഷ്വറൻസ് പുതുക്കുന്നതിന് തന്നെ 31 ലക്ഷം രൂപ ആവശ്യമായി വന്നു. 2 ലക്ഷം രൂപ തന്നെ മെഡിക്ലെയിം തുടർന്നാൽ അതിൽ പകുതി പേർക്ക് മാത്രമേ പുതുക്കാൻ കഴിയൂ എന്നതുകൊണ്ടാണ് കൂടുതൽ പേർക്ക് ഇൻഷ്വറൻസ് അനുവദിക്കുക എന്ന താൽപ്പര്യം മുൻനിർത്തി കഴിഞ്ഞ വർഷം വരെ നിലവിലിരുന്ന ഒരു ലക്ഷത്തിന്റെ മെഡിക്ലെയിം എന്ന വ്യവസ്ഥ കരാറിൽ വയ്ക്കേണ്ടി വന്നത്. ഇൻഷ്വറൻസ് പദ്ധതി എന്നത് ഓരോ വർഷവും പുതുക്കുന്ന കരാറിന്റെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. 2025 ഫെബ്രുവരി 2 വരെ ഈ കരാർ പ്രകാരം മാത്രമേ ആനുകൂല്യം അനുവദിക്കുകയുള്ളൂ. 2025 ഫെബ്രുവരി 3 മുതൽ നടപ്പിലാക്കുന്ന കരാറിൽ മെഡിക്ലെയിം 2 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായ കലാകാരന്മാരുടെ എണ്ണം വെട്ടിക്കുറച്ചിട്ടുണ്ടോ; 2011-16 സർക്കാറിന്റെ കാലത്ത് എത്ര പേർക്കാണ് നൽകിയിരുന്നതെന്നും നിലവിൽ എത്രപേർക്കാണ് നൽകുന്നതെന്നും വിശദമാക്കാമോ; ഗുണഭോക്താക്കളുടെ എണ്ണം വെട്ടിക്കുറയ്ക്കാനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | കേരള സംഗീത നാടക അക്കാദമി 2011 മുതൽ 642 കലാകാരന്മാർക്ക് അപകട വൈദ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയിരുന്നു. പിന്നീട് അത് 900 ആയി വർദ്ധിപ്പിച്ചു. ഓരോ വർഷവും പ്രീമിയത്തിന്റെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾ നിശ്ചയിച്ച് കരാർ ഒപ്പിടുകയാണ് ചെയ്യുന്നത്. 2023-2024 ൽ 1253 പേർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുകയുണ്ടായി. 2 ലക്ഷം രൂപ അപകട ഇൻഷ്വറൻസും മെഡിക്ലെയിമിന് ഒരു ലക്ഷം രൂപയുമാണ് 2023 ഫെബ്രുവരി 2 വരെ ഉണ്ടായിരുന്നത്. ക്ലെയിമുകൾ താരതമ്യേന കുറവായിരുന്നതുകൊണ്ട് അപകടങ്ങൾക്കെന്നപോലെ മെഡിക്ലെയിമിനും 2 ലക്ഷം രൂപ അനുവദിക്കണമെന്ന് ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയോട് ആവശ്യപ്പെട്ടതുകൊണ്ട് കഴിഞ്ഞ ഒരേയൊരു വർഷമാണ് മെഡിക്ലെയിമിന് പരീക്ഷണാടിസ്ഥാനത്തിൽ 2 ലക്ഷം രൂപ അനുവദിച്ചത്. ലൈഫ് സർട്ടിഫിക്കറ്റ് നൽകിയ 840 പേർക്ക് ഇൻഷ്വറൻസ് പുതുക്കുന്നതിന് തന്നെ 31 ലക്ഷം രൂപ ആവശ്യമായി വന്നു. 2 ലക്ഷം രൂപ തന്നെ മെഡിക്ലെയിം തുടർന്നാൽ അതിൽ പകുതി പേർക്ക് മാത്രമേ പുതുക്കാൻ കഴിയൂ എന്നതുകൊണ്ടാണ് കൂടുതൽ പേർക്ക് ഇൻഷ്വറൻസ് അനുവദിക്കുക എന്ന താൽപ്പര്യം മുൻനിർത്തി കഴിഞ്ഞ വർഷം വരെ നിലവിലിരുന്ന ഒരു ലക്ഷത്തിന്റെ മെഡിക്ലെയിം എന്ന വ്യവസ്ഥ കരാറിൽ വയ്ക്കേണ്ടി വന്നത്. ഇൻഷ്വറൻസ് പദ്ധതി എന്നത് ഓരോ വർഷവും പുതുക്കുന്ന കരാറിന്റെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. 2025 ഫെബ്രുവരി 2 വരെ ഈ കരാർ പ്രകാരം മാത്രമേ ആനുകൂല്യം അനുവദിക്കുകയുള്ളൂ. 2025 ഫെബ്രുവരി 3 മുതൽ നടപ്പിലാക്കുന്ന കരാറിൽ മെഡിക്ലെയിം 2 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | കലാകാരന്മാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ വെട്ടിക്കുറച്ച നടപടി പിൻവലിക്കുന്നതിനും അർഹതപ്പെട്ട മുഴുവൻ കലാകാരന്മാർക്കും ആനുകൂല്യം നൽകുന്നതിനും നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ? | (സി) | അർഹതപ്പെട്ട മുഴുവൻ കലാകാരന്മാർക്കും ആനുകൂല്യം നൽകുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ